## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1367**

**21.03.2012 ലെ മറുപടിക്ക്**

**സഹകരണ ആശുപത്രികളുടെ പ്രവർത്തനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് എത്ര സഹകരണ ആശുപത്രികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള പേരു വിവരം നൽകുമോ; | എ) 154 സഹകരണ ആശുപത്രികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. ഇതിനു പുറമെ സഹകരണ സംഘം പ്രൊമോട്ട് ചെയ്യുകയും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ആശുപത്രിയും പ്രവർത്തിക്കുന്നു. |
| ബി) ഈ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നവ ഏതൊക്കെ; നൂറോ അതിൽക്കൂടുതലോ കിടക്കകളുള്ള ആശുപത്രികൾ ഏതൊക്കെയാണ് ; | ബി) രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രികളുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br>നൂറോ അതിൽ കൂടുതലോ കിടക്കകളുള്ള ആശുപത്രികളുടെ വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| സി) ഈ ആശുപത്രികളിൽ ലാഭകരമായി പ്രവർത്തിക്കുന്ന ആശുപത്രികൾ ഏതൊക്കെയാണ്; | സി) ലാഭകരമായി പ്രവർത്തിക്കുന്ന ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കൊച്ചിൻ സഹകരണ ആശുപത്രി ഇ.288.<br>2. കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ലിമിറ്റഡ് നമ്പർ ക്യൂ.952.<br>3. ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി & റിസർച്ച് സെന്റർ.<br>4. പാലക്കാട് ജില്ലാ സഹകരണ ആശുപത്രി & റിസർച്ച് സെന്റർ പി.878.<br>5. ചെർപ്പുളശ്ശേരി സഹകരണ ആശുപത്രി ലി. നമ്പർ പി.1288.<br>6. പത്തനംതിട്ട ജില്ലാ സഹകരണ ആശുപത്രി ലി. നമ്പർ എ. 292.<br>7. പെരളശ്ശേരി എ.കെ.ജി. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ.<br>8. പി.ആർ. കുറുപ്പ് മെമ്മോറിയൽ സഹകരണ ആശുപത്രി. |